"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.154/2024/Co-Op തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. 10.05.2011-ലെ സ.ഉ(കൈ)നം.75/2011/സഹ നമ്പർ ഉത്തരവ്
2. 12.03.2024-ലെ സ.ഉ(അച്ചടി) നം.17/2024/ധന നമ്പർ ഉത്തരവ്
3. സഹകരണ സംഘം രജിസ്ട്രാറുടെ 13.03.2024-ലെ ആർ.സി.എസ്/3319/2024/ഇഎം(4) നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ഏകീകരിച്ച് പരാമർശം(1) ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിന് അനുസൃതമായി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ക്ഷാമബത്ത അനുവദിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

2) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത പരാമർശം(2) പ്രകാരം 7% ൽ നിന്നും 9% ആയി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ അവസാന ശമ്പള പരിഷ്കരണത്തിൽ 45% ക്ഷാമബത്തയാണ് അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിച്ചിട്ടുള്ളത്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആയതിന് ആനുപാതികമായ ക്ഷാമബത്തയ്ക്കാണ് അർഹതയുള്ളത്.

3) സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം(3)-ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ചുവടെ പറയും പ്രകാരം പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സംഘങ്ങൾക്ക് 01.01.2021

| പ്രാബല്യ തീയതി | നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.01.2021 | 76% | 5% | 81% |

പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കാത്ത സംഘങ്ങൾക്ക് 01.01.2021

| പ്രാബല്യ തീയതി | നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.01.2021 | 155% | 8% | 163% |

മേൽ രണ്ട് ശമ്പള പരിഷ്കരണവും നടപ്പിലാക്കാത്തവർക്ക്

| പ്രാബല്യ തീയതി | നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.01.2021 | 269% | 13% | 282% |

മേൽ പ്രകാരമുള്ള ശമ്പള പരിഷ്കരണങ്ങൾ ഒന്നും നടപ്പിലാക്കാത്ത ജീവനക്കാർക്ക്

| പ്രാബല്യ തീയതി | നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.01.2021 | 343% | 13% | 356% |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI PHILIP
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

സഹകരണ സംഘം രജിസ്ട്രാർ , തിരുവനന്തപുരം

എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്കും

മാനേജിംഗ് ഡയറക്ടർ ,കേരള ബാങ്ക്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ , സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം

സഹകരണ(എ,ബി,സി,പി.എസ്) വകുപ്പുകൾക്ക്

വെബ്&ന്യൂ മീഡിയ വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ